# മതവിരോധം സർക്കാർ ചെലവിൽ

**മതനിരപേക്ഷതയും** മതവിരോധവും ഒന്നല്ല. ഒന്ന് മതത്തെ അതിന്റെ വഴിക്കു വിടലും മറ്റേത് മതത്തോട് യുദ്ധം ചെയ്യലുമാണ്. ഇന്ത്യൻ സെക്യുലരിസത്തെ രാഷ്ട്രത്തിന്റെ ഒരടിസ്ഥാന തത്ത്വമായി സ്വീകരിച്ചത് അതിന്റെ മതനിരപേക്ഷത എന്ന അർഥം പരിഗണിച്ചു കൊണ്ടാണ്; മതവിരോധം എന്ന അർഥത്തിലല്ല. ഇന്ത്യ മതേതര രാഷ്ട്രമാണ് എന്നതിന്, ഇന്ത്യ മത രാഷ്ട്രമല്ല എന്നേ അർഥമുള്ളൂ; മതവിരുദ്ധ രാഷ്ട്രമാണ് എന്നർഥമില്ല. മതവിരുദ്ധം എന്ന അർഥത്തിൽ സെക്യുലരിസത്തെ സമീപിക്കാൻ ശ്രമങ്ങളുണ്ടായപ്പോഴൊക്കെ രാജ്യത്തെ എല്ലാ മതവിഭാഗങ്ങളും അതിനെ എതിർത്തിട്ടുണ്ട്. രാഷ്ട്രത്തിന് ഒരു മതത്തോടും പ്രത്യേക പ്രതിബദ്ധതയില്ല; രാഷ്ട്രത്തിന്റെ പൊതുവ്യവഹാരങ്ങൾ നടക്കുന്നത് ഏതെങ്കിലും മതത്തിന്റെ തത്ത്വങ്ങളെയും നിയമങ്ങളെയും അനുസരിച്ചായിരിക്കുകയില്ല എന്നേ സെക്യുലരിസം കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളൂ. നമ്മുടെ സെക്യുലരിസത്തിന്റെ വിവക്ഷ മതനിർമാർജനമല്ല, സർവ മത സമഭാവനയാണ് എന്ന് ദാർശനികനായ മുൻ പ്രസിഡന്റ് ഡോ. എസ്. രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള ആദ്യകാല ദേശീയ നേതാക്കൾ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുമുണ്ട്. ഭരണഘടനാ ശിൽപികൾ ഏകശിലാ രൂപമായ ഒരു നിർമത നാസ്തിക സമൂഹത്തിന്റെ നിർമിതി ലക്ഷ്യമാക്കിയിട്ടില്ല. ഇന്ത്യയുടെ ബഹുമത-സംസ്കാര വൈവിധ്യങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ ഒരഖണ്ഡജനതയെ കെട്ടിപ്പടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. അതാണ് നാനാത്വത്തിൽ ഏകത്വം.

ഏതു മതവും സ്വീകരിക്കാനും ഒരു മതവും സ്വീകരിക്കാതിരിക്കാനും ഇന്ത്യൻ പൗരന് അവകാശവും സ്വാതന്ത്ര്യവുമുണ്ട്. ഈ സ്വാതന്ത്ര്യം പരിരക്ഷിക്കുകയാണ് ഗവൺമെന്റിന്റെ കടമ. പൗരനെ കൊണ്ട് മതം സ്വീകരിപ്പിക്കലോ വർജിപ്പിക്കലോ സർക്കാറിന്റെ ചുമതലയിൽ പെട്ടതല്ല. അതൊക്കെ മതവിശ്വാസികളുടെയും മതനിഷേധികളുടെയും കാര്യമാണ്. അവർ നോക്കിക്കൊള്ളും, നോക്കുന്നുണ്ട് താനും. സർക്കാർ, മതം സ്വീകരിക്കാനും ആചരിക്കാനും ജനങ്ങളോടാവശ്യപ്പെടുന്ന അത്രതന്നെ ഗർഹണീയമാണ് മതം വർജിക്കാനാവശ്യപ്പെടുന്നതും. ഭരണഘടനാ വിരുദ്ധമായ നടപടിയാണത്.

ഭരണഘടന വിഭാവനം ചെയ്യുന്ന ലക്ഷ്യത്തിലേക്ക് ഭാവി തലമുറയെ വളർത്തിയെടുക്കുകയാണ്, ആയിരിക്കണം രാഷ്ട്രത്തിന്റെ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. നാനാത്വത്തിൽ ഏകത്വം വിളയുന്ന ബഹുസ്വര സമൂഹമാണ് രാഷ്ട്രത്തിന്റെ ലക്ഷ്യമെങ്കിൽ അതിനുതകുന്ന വിദ്യാഭ്യാസ രീതിയാണ് പിന്തുടരേണ്ടത്. ജനതയെ നിർമതവും നാസ്തികവുമായി പുനർനിർമിക്കുക രാഷ്ട്രത്തിന്റെ ഉദ്ദേശ്യമല്ലെങ്കിൽ, വിദ്യാഭ്യാസപദ്ധതിയിലൂടെ അത്തരമൊരു ജനതയുടെ നിർമിതിക്കു ശ്രമിക്കുന്നത് ഭരണഘടനയുടെ നേരെ നടത്തുന്ന പരോക്ഷമായ കൈയേറ്റമാണ്. ജനങ്ങൾ ഇഷ്ടമുള്ള മതം സ്വീകരിക്കട്ടെ, ഒരു മതവും സ്വീകരിക്കാതിരിക്കട്ടെ, സർക്കാറിനതിൽ കാര്യമില്ല; മതങ്ങളും മതവിരുദ്ധരും പരസ്പരം കലഹിക്കാതെ നോക്കിയാൽ മതി. സർക്കാർ ഏതെങ്കിലും പക്ഷത്ത് ചേരുന്നത്, റഫറി കളത്തിലിറങ്ങി കളിക്കുന്നതുപോലെയാണ്.

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസരംഗത്ത് സംസ്ഥാന സർക്കാർ മതനിഷേധത്തിനും നാസ്തികത്വത്തിനും അനുകൂലമായ ചില കള്ളക്കളികൾ കളിക്കുന്നതായി ആക്ഷേപമുയർന്നിരിക്കുകയാണ്. പ്രതിഷേധങ്ങൾ പ്രക്ഷോഭമായി വളർന്നു കൊണ്ടിരിക്കുന്നു. കേരളത്തിലെ രാഷ്ട്രീയ കാലാവസ്ഥയും ഈ പ്രക്ഷോഭത്തിനു പ്രേരണയായിരിക്കാം. എന്നു വെച്ച് അത് അവഗണിക്കാവതല്ല. ആക്ഷേപത്തിൽ രാഷ്ട്രീയമുണ്ടോ ഇല്ലേ എന്നതല്ല ഗവൺമെന്റ് പരിഗണിക്കേണ്ട മുഖ്യ വിഷയം, അതിൽ കഴമ്പുണ്ടോ എന്നതാണ്. ഉണ്ടെങ്കിൽ തിരുത്താൻ സന്നദ്ധമാകണം. ഇല്ലെങ്കിൽ അത് ജനങ്ങളെ ബോധ്യപ്പെടുത്തണം.

ഭരണകക്ഷിയിൽ ദൈവവും മതവുമില്ലാത്ത നേതാക്കളുണ്ടാവാം. ഒരുവേള ഭരണമുന്നണിയിലുള്ളവരെല്ലാം നിർമതരും നാസ്തികരുമാണെങ്കിൽ പോലും കേരളീയ സമൂഹത്തെ നിർമതവും നാസ്തികവുമാക്കി മാറ്റാൻ ഭരണഘടന ഇവിടത്തെ വിദ്യാഭ്യാസ വകുപ്പിനോടാവശ്യപ്പെട്ടിട്ടില്ല. അതിനുള്ള മാൻഡേറ്റ് കേരള ജനതയും അവർക്ക് നൽകിയിട്ടില്ല. അടിയുറച്ച ദൈവവിശ്വാസവും മതനിഷ്ഠയും ഉള്ളവർ കൂടി ചേർന്നാണ് എൽ.ഡി.എഫിനെ അധികാരത്തിലേറ്റിയത്. അതിനവരെ പ്രേരിപ്പിച്ചത്, എൽ.ഡി.എഫ് ഗവൺമെന്റ് വന്ന് തങ്ങളുടെ മക്കളെ മതദൂഷണം പഠിപ്പിക്കട്ടെ എന്ന വിചാരമായിരുന്നില്ല. എല്ലാ മതങ്ങളും നിരാകരിക്കുന്ന അനീതികളും അഴിമതികളുമാണ് മുൻ ഗവൺമെന്റിന്റെ കാലത്ത് നടമാടിയിരുന്നത്. പുതിയ ഗവൺമെന്റ് വന്ന് അതൊക്കെ ഒന്നു പരിഹരിക്കണമെന്നായിരുന്നു ജനങ്ങളുടെ മോഹം. വിദ്യാഭ്യാസ മേഖലയിൽ തന്നെ അത്തരം അന്യായങ്ങളും അനീതികളും ഒട്ടേറെയുണ്ട്. സംസ്ഥാനത്തിന്റെ വടക്കു ഭാഗത്ത് എസ്.എസ്.എൽ.സി കഴിഞ്ഞ മുപ്പതിനായിരത്തിലേറെ വിദ്യാർഥികൾ തുടർപഠനത്തിനു സൗകര്യമില്ലാതെ നട്ടം തിരിയുകയാണ്. അതേസമയം, തെക്കൻ കേരളത്തിൽ പതിനായിരക്കണക്കിൽ അധിക സീറ്റുകൾ കുട്ടികളില്ലാതെ ഒഴിഞ്ഞു കിടക്കുന്നു. ക്രൂരവും നഗ്നവുമായ ഈ അന്യായത്തിന് സത്വരമായ പരിഹാരം കാണുകയാണ് കാര്യപ്രാപ്തിയുള്ള ഒരു സർക്കാർ ആദ്യം ചെയ്യേണ്ടത്. ക്ലാസ് മുറികളിൽ കുട്ടികൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഭാവി ഭാരതത്തിനാവശ്യമായ പാഠങ്ങൾ പഠിക്കട്ടെ. നിർമതത്വവും നാസ്തികത്വവും ഭാരതത്തിനാവശ്യമില്ല. അതാവശ്യമുള്ളത് കമ്യൂണിസ്റ്റ് പാർട്ടിക്കാണ്. ക്ലാസ് മുറികൾക്കു പുറത്ത് എസ്.എഫ്.ഐയും ഡി.വൈ.എഫ്.ഐയും അതു പഠിപ്പിക്കട്ടെ. സ്കൂൾ അധ്യാപകരെയും പാഠപുസ്തകങ്ങളെയും അതിനു വേണ്ടി ദുരുപയോഗപ്പെടുത്തരുത്. ■